അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരുടെ നിയമനം

22 [89] ശ്രീ. ജി. ഗോപിനാഥൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ ബി. എസ്. സി. പാസ്സായ ഗ്രാമസേവകരെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരായി നിയമിക്കണമെന്നു കാണിച്ച് എത്ര മെമ്മോറാണ്ടങ്ങൾ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്;

(ബി) അതേസംബന്ധിച്ച ന്യായാനുസൃതമായ നടപടികൾ ഉടൻ തന്നെ കൈക്കൊള്ളുമോ?

ഉത്തരം

(എ) രണ്ടു മെമ്മോറാണ്ടങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ഈ കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലിരിക്കുകയാണ്.

കാർഷിക സർവ്വകലാശാല

23 [92] ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സർവ്വകലാശാല എവിടെ സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) ഇല്ല.

കായൽക്കൃഷി

24 [93] ശ്രീ. എം. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിൽ ആകെ എത്ര ഏക്കർ കായൽനിലം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) അതിൽ ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻകഴിയുന്ന പദ്ധതികൾ ഏവ;

(സി) വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം ഇപ്പോൾ ഏതു സ്റ്റേജിൽ ഇരിക്കുന്നു; അതു നടപ്പിലാക്കാൻ ഇത്രയും കാലതാമസമുണ്ടാകാൻ കാരണമെന്തെന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly